# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 25, തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 354)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| മുഖ്യമന്ത്രി | 3194 മുതൽ 3282 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | 3283 മുതൽ 3333 വരെ |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | 3334 മുതൽ 3412 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | 3413 മുതൽ 3547 വരെ |

## നിർബന്ധിത മതമാറ്റം

3194 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2006-നുശേഷം എത്ര മതംമാറ്റങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മതംമാറ്റങ്ങളിൽ എത്ര യുവതികൾ മതം മാറിയിട്ടുണ്ടെന്നും അവർ ഏത് മതത്തിലേക്കാണ് മാറിയതെന്നും മതംമാറ്റത്തിനുമുമ്പ് അവർ ഏത് മതത്തിൽ അല്ലെങ്കിൽ ജാതിയിൽപ്പെട്ടവരായിരുന്നുവെന്നും വ്യക്തമാക്കുമോ ;

(സി) ഒരു പ്രത്യേക മതത്തിലേയ്ക്കാണ് ഈ മതംമാറ്റങ്ങളിൽ ഭൂരിപക്ഷവും നടന്നിട്ടുള്ളതെങ്കിൽ ആയതിന് പിന്നിൽ ഏതെങ്കിലും ബാഹ്യശക്തികളുടെ പ്രേരണയുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ ;

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) ഒരു പ്രത്യേക മതത്തിലേയ്ക്ക് മാത്രം മതംമാറ്റം വ്യാപകമായി നടക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ജി) ഇല്ലെങ്കിൽ സമഗ്രമായ അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ ;

(എച്ച്) മതംമാറ്റം സംബന്ധിച്ച റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഡൽഹി സന്ദർശനം

3195 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന മുഖ്യമന്ത്രിയും ഏതെല്ലാം മന്ത്രിമാരും എത്ര തവണ ഡൽഹി സന്ദർശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഓരോ യാത്രയിലും മുഖമന്ത്രിയും മന്ത്രിമാരും സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങളാണ് കേന്ദ്ര സർക്കാരിനു മുന്നിൽ സമർപ്പിച്ചതെന്ന് വിശദമാക്കുമോ :

(സി) ഈ സമർപ്പിക്കപ്പെട്ട ആവശ്യങ്ങളിൽ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്ര സർക്കാർ ഇതിനകം അനുമതി നൽകിയതെന്ന് വെളിപ്പെടുത്താമോ ;

(ഡി) ആയതിനായി കേന്ദ്ര സർക്കാർ എന്തു തുക നീക്കി വെച്ചിട്ടുണ്ടെന്നും ഇതിനകം എന്തു തുക സംസ്ഥാന സർക്കാർ കൈപ്പറ്റിയെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

3196 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങൾ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതു തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്തത് സംബന്ധിച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായി വിശദമാക്കുമോ ;

(ഡി) സർക്കാർ വാഹനത്തിലെ 'കേരള സർക്കാർ' എന്ന ബോർഡ് എടുത്തു മാറ്റി, സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത ദുരുപയോഗങ്ങൾ കണ്ടുപിടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി ; എത്ര കേസ്സുകൾ പിടിക്കപ്പെട്ടു ; വിശദമാക്കാമോ ;

(എഫ്) ഓരോ മന്ത്രിയ്ക്കും അവരുടെ ഓഫീസിന്റെ ആവശ്യപ്രകാരം അലോട്ട് ചെയ്യപ്പെട്ട വാഹനങ്ങൾ ഏതൊക്കെയാണെന്ന് നമ്പറുകൾ സഹിതം വ്യക്തമാക്കാമോ ; ഇവയിൽ ഏതെങ്കിലും വാഹനം സർക്കാർ ബോർഡ് വെയ്ക്കാതെ സ്വകാര്യ ആവശ്യങ്ങൾക്ക് ദുരുപയോഗം ചെയ്തു വരുന്നതായി ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

ഭരണ സംവിധാനം സംബന്ധിച്ച വിലയിരുത്തൽ

3197

ശ്രീ. ഇ. പി. ജയരാജൻ
,, എ. എം. ആരീഫ്
,, എസ്. രാജേന്ദ്രൻ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഭരണ സംവിധാനം നിലവിൽ പരാജയമാണെന്നും പോരായ്മകൾ ഏറെയാണെന്നും മുഖ്യമന്ത്രി പ്രസ്താവന നടത്തുകയുണ്ടായോ;

(ബി) ഭരണസംവിധാനങ്ങൾ പരാജയമാകാനിടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; ഈ രംഗത്ത് സർക്കാർ സ്വീകരിച്ചുപോന്ന എന്തെല്ലാം നിലപാടുകൾ തിരുത്തേണ്ടതായിട്ടുണ്ട്;

(സി) ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം</u>

3198 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) സേവനാവകാശ നിയമം കേരളത്തിൽ ഏതെല്ലാം വകുപ്പുകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഈ നിയമം നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമവും സുതാര്യ കേരളം പരിപാടിയും</u>

3199 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് പറയുമോ;

(ബി) മുഖ്യമന്ത്രിയുടെ സുതാര്യകേരളം പദ്ധതിയുടെ മോണിറ്ററിംഗ് സെൽ ഓരോ ജില്ലയിലും പൊതുഭരണ വകുപ്പിന് കീഴിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

ഗാഡ്ഗിൽ റിപ്പോർട്ടിൻമേൽ ബദൽ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വിദഗ്ധ സമിതി

3200 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. പി. സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാഡ്ഗിൽ റിപ്പോർട്ടിൻമേലുള്ള ബദൽ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സമിതിയുടെ കർത്തവ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം വിഷയങ്ങളാണ് സമിതി പരിശോധിക്കുന്നത്;

(ഡി) ഏതെല്ലാം മേഖലയിൽ നിന്നുള്ള പ്രതിനിധികളെയാണ് സമിതിയിൽ അംഗങ്ങളാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളിൽ നൽകുന്ന പരാതികളിന്മേൽ തുടർനടപടികൾ</u>

3201 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, എൻ. ഷംസുദ്ദീൻ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർക്കാർ, അർദ്ധ സർക്കാർ പൊതുമേഖലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾ നല്കുന്ന പരാതികൾക്കും, നിവേദനങ്ങൾക്കും ഉചിതമായ പരിഗണനന നല്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരാതികൾക്കോ നിവേദങ്ങൾക്കോ തീരുമാനമാകുമ്പോൾ ആയവ സംബന്ധിച്ച മറുപടി നിർബന്ധമായും നല്കിയിരിക്കണമെന്നതു സംബന്ധിച്ച് നിർദ്ദേശമെന്തെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച സർക്കാർ നിർദ്ദേശം അനുസരിക്കാതിരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ടവർക്കെതിര എന്ത് നടപടിയാണ് സ്വീകരിക്കാറുള്ളതെന്ന് പറയാമോ;

(ഡി) അതിനായി ആരെയാണ് സമീപിക്കേണ്ടതെന്ന് വ്യക്തമാക്കുമോ ;

(ഇ) പരാതിക്കാരന് മറുപടി നല്കി എന്നു ഉറപ്പാക്കേണ്ട ഉത്തരവാദിത്തം അതത് ഓഫീസ്/സ്ഥാപനമേധാവിക്കു നല്കി ഉത്തരവു പുറപ്പെടുവിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ടോൾ ഫ്രീ നമ്പർവഴി രജിസ്റ്റർ ചെയ്ത പരാതികൾ</u>

3202 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഓഫീസിലെ ടോൾഫ്രീ നമ്പർവഴി ഇതുവരെ രജിസ്റ്റർ ചെയ്ത പരാതികൾ എത്രയെന്ന് പറയുമോ;

(ബി) ഇതിൽ ഏറ്റവുമധികം പരാതികൾ ഏത് വകുപ്പിനെ സംബന്ധിച്ചുള്ളതാണെന്ന് അറിയിക്കുമോ;

(സി) കോൾ സെന്ററിൽ ലഭിച്ച എത്ര പരാതികൾ തീർപ്പാക്കിയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

**ആലുവ നിയോജക മണ്ഡലത്തിൽ എ.പി.എൽ റേഷൻ കാർഡുകൾ ബി.പി.എൽ കാർഡുകൾ ആക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ**

3203 ശ്രീ. അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ എ.പി. എൽ റേഷൻകാർഡുകൾ ബി.പി.എൽ റേഷൻകാർഡ് ആക്കുന്നതു സംബന്ധിച്ച് ആലുവ നിയോജക മണ്ഡല ത്തിൽ എത്ര പരാതികൾ ലഭിച്ചു എന്ന് പറയുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ അർഹരായിട്ടുള്ള എത്ര പേർക്ക് ബി.പി.എൽ റേഷൻ കാർഡ് നൽകിയിട്ടു ണ്ടെന്ന് അറിയിക്കുമോ;

(സി) റേഷൻ കാർഡുകൾ ലഭിക്കുവാൻ അർഹരായിട്ടുള്ള വർക്ക് എന്ന് നൽകുവാൻ സാധിക്കും എന്ന് വ്യക്തമാ ക്കുമോ?

# കേരള നിയമസഭ

## 25.06.2012-ലെ മറുപടിക്ക്

<u>മുന്നോക്ക വികസന കോര്‍പ്പറേഷന്‍</u>

3204 ശ്രീ. ജി. സുധാകരന്‍
'' വി. ശിവന്‍കുട്ടി
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുന്നോക്ക വികസന കോര്‍പ്പറേഷന്‍ വഴി സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവര്‍ക്ക് എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) കോര്‍പ്പറേഷന്റെ പ്രവര്‍ത്തനങ്ങള്‍ ആരംഭിച്ചിട്ടുണ്ടോ;

(സി) കോര്‍പ്പറേഷന് ഇതിനകം എത്ര ഫണ്ട് അനുവദിക്കുകയുണ്ടായി;

(ഡി) സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന എത്ര പേര്‍ക്ക് സഹായം ലഭ്യമാക്കുകയുണ്ടായി; എന്തെല്ലാം സ്കീമുകള്‍ക്ക് ഭരണാനുമതി നല്‍കിയിട്ടുണ്ട്?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

ജില്ലാ വികസന സമിതി യോഗങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥർ പങ്കെടുക്കാൻ വേണ്ട നടപടി

3205

ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ വികസനസമിതി യോഗങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥർ പങ്കെടുക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വികസന സമിതി യോഗങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുക്കാൻ വേണ്ട നിർദ്ദേശം നൽകാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്ന ബാങ്കുകൾക്കെതിരെ നടപടി</u>

T3206 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, സാജു പോൾ
,, റ്റി. വി. രാജേഷ്
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ ലഭിക്കാത്തതു കാരണം വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വായ്പ നിക്ഷേധിക്കുന്ന ബാങ്കുകൾക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നും വിദ്യാഭ്യാസ വായ്പയ്ക്ക് ബാങ്കുകൾ ഈടാക്കുന്ന പലിശ നിരക്ക് എത്രയാണെന്നും വ്യക്തമാക്കാമോ ;

(ബി) മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് വായ്പ നൽകില്ലെന്ന ബാങ്കുകളുടെ നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) വിദ്യാഭ്യാസ വായ്പാ നടപടികൾ ലഘൂകരിക്കുന്നതിനും പലിശ നിരക്ക് കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്ന ബാങ്കുകൾ</u>

3207 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്നതിനായുള്ള വിദ്യാഭ്യാസ വായ്പ നിസ്സാര കാരണങ്ങൾ കാണിച്ച് ബാങ്കുകൾ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ബാങ്ക് അധികൃതർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പകളുടെ പലിശ ഏകീകരണം</u>

3208 ശ്രീ. സി. പി. മുഹമ്മദ്
,, വര്‍ക്കല കഹാര്‍
,, ഹൈബി ഈഡന്‍
,, ഡൊമിനിക് പ്രസന്റേഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദ്യാഭ്യാസ വായ്പ സുഗമമാക്കുവാന്‍ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ബാങ്കിംഗ് അവലോകന സമിതി യോഗത്തില്‍ എന്തെല്ലാം നിര്‍ദ്ദേശങ്ങളാണ് ഉയര്‍ന്ന് വന്നിട്ടുള്ളത്;

(സി) വിദ്യാഭ്യാസ വായ്പകളുടെ പലിശ ഏകീകരിക്കുന്ന കാര്യം ആലോചിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

മുല്ലപ്പെരിയാർ, ഇടുക്കി അണക്കെട്ടുകളിലെ ഭൂചലനത്തെപ്പറ്റി ശാസ്ത്രീയ പഠനം

3209 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ, ഇടുക്കി അണക്കെട്ടുകൾ സ്ഥിതി ചെയ്യുന്ന പ്രദേശത്ത് 2011 വർഷത്തിൽ എത്ര ഭൂചലനങ്ങൾ ഉണ്ടായിട്ടുണ്ട് ; ആയതിന്റെ കൂടിയ തീവ്രത റിക്ടർ സ്കെയിലിൽ എത്രയാണ് രേഖപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഭൂചലനം ഡാമുകളുടെ സുരക്ഷയെ എപ്രകാരം ബാധിക്കുമെന്ന് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും സ്വത്തുവിവരം

3210 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും സ്വത്തു വിവരം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ മന്ത്രിമാരുടേയും പ്രഖ്യാപിച്ച സ്വത്തു വിവരങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ വിദേശപര്യടനം</u>

3211 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര സംസ്ഥാന മന്ത്രിമാർ വിദേശപര്യടനം നടത്തിയെന്ന് പറയുമോ;

(ബി) ഈ ഇനത്തിൽ എത്രരൂപ ചെലവഴിച്ചു; ഏറ്റവുമധികം തവണ വിദേശയാത്ര നടത്തിയ മന്ത്രി ആരെന്ന് അറിയിക്കുമോ;

(സി) ഔദ്യോഗികയാത്രകളാണോ സ്വകാര്യയാത്രകളാണോ നടത്തിയതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടി</u>

3212 ശ്രീ. അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കുവാൻ ബാക്കി നിൽക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ജനസമ്പര്‍ക്ക പരിപാടി - വിശദാംശം</u>

3213

ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജനസമ്പര്‍ക്ക പരിപാടിയില്‍ അനുവദിച്ച ഏറ്റവും ഉയര്‍ന്ന സാമ്പത്തിക സഹായം എത്ര; ഏറ്റവും താഴ്ന്ന സാമ്പത്തിക സഹായം എത്ര; വിശദമാക്കുമോ;

(ബി) ജനസമ്പര്‍ക്ക പരിപാടികള്‍ നടത്താതെ തന്നെ സേവനങ്ങള്‍ ജനങ്ങളിലെത്തിക്കാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടിയിൽ സാമ്പത്തിക സഹായം - ജില്ല തിരിച്ച് വിശദാംശം</u>

3214

ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടിയിൽ എത്ര രൂപയുടെ സാമ്പത്തിക സഹായമാണ് നൽകിയിരുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇത്തരം ആനുകൂല്യം എത്രപേർക്ക് നൽകി എന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി തൃശ്ശൂർ ജില്ലയിൽ വിശദാംശം

3215 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി തൃശ്ശൂർ ജില്ലയിൽ നടത്തിയപ്പോൾ എത്ര അപേക്ഷകൾ ലഭിച്ചു;

(ബി) ആയതിൽ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധന സഹായം ലഭിക്കുന്നതിന് എത്ര അപേക്ഷ ലഭിച്ചു;

(സി) എ.പി.എൽ റേഷൻ കാർഡുകൾ ബി.പി.എൽ ആയി മാറ്റി ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചു;

(ഡി) ആയതിൽ എത്ര റേഷൻ കാർഡുകൾ എ.പി.എൽ-ൽ നിന്നും ബി.പി.എൽ ആയി മാറ്റം വരുത്തി നൽകി; വിശദാംശം വ്യക്തമാക്കാമോ;

(ഇ) ജനസമ്പർക്ക പരിപാടിയിൽ അപേക്ഷ ലഭിച്ച് തീർപ്പു കല്പിച്ച പല അപേക്ഷകളിലും തുടർനടപടി സ്വീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

ജനസമ്പർക്ക പരിപാടിക്കായി ചെലവായ തുക

3216 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്കായി എത്ര ലക്ഷം രൂപയാണ് ചെലവായത് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം കാര്യങ്ങൾക്കായാണ് ഈ തുക ചെലവഴിച്ചതെന്നും ഇനം തിരിച്ച് വിശദമാക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>ഐ. എ. എസ്. കാരുടെ വിശദാംശങ്ങൾ</u>

3217

ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേന്ദ്ര സർക്കാരിൽ നിന്നും എത്ര ഐ. എ. എസ്. ഉദ്യോഗസ്ഥർ സംസ്ഥാന സർക്കാരിന് കിഴിലേയ്ക്ക് മടങ്ങി വന്നിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) കേരളത്തിൽ നിന്ന് എത്ര ഉദ്യോഗസ്ഥർ കേന്ദ്ര സർവീസിലേയ്ക്ക് മടങ്ങിയിട്ടുണ്ടെന്ന് പറയാമോ;

(സി) എത്ര ഐ. എ.എസ്. കേഡറിലുള്ള തസ്തികകൾ സംസ്ഥാനത്ത് ഒഴിഞ്ഞ് കിടക്കുന്നുണ്ടെന്ന് പറയാമോ; അവ ഏതെല്ലാം തസ്തികകളിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>കേന്ദ്ര ഗവണ്‍മെന്റിന്റെ കീഴിലുള്ള വിവിധ വകുപ്പുകളില്‍ ജോലി ചെയ്യുന്ന കേരള കേഡറിലുള്ള ഉദ്യോഗസ്ഥന്മാര്‍</u>

3218 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അഖിലേന്ത്യാ സര്‍വ്വീസിന്റെ ഭാഗമായി കേരളത്തിലേക്ക് അലോട്ട് ചെയ്യപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരില്‍ എത്ര പേര്‍ സംസ്ഥാന സര്‍ക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകളിലും വിവിധ സ്ഥാപനങ്ങളിലും നിലവില്‍ ജോലി നോക്കുന്നുവെന്ന് പറയുമോ;

(ബി) എങ്കില്‍ ഇത് സംബന്ധിച്ച വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(സി) കേരള കേഡറിലുള്ള എത്ര ഉദ്യോഗസ്ഥന്മാര്‍ കേന്ദ്ര ഗവണ്‍മെന്റിന്റെ കീഴിലുള്ള വിവിധ വകുപ്പുകളിലും മറ്റ് സ്ഥാപനങ്ങളിലും ജോലി നോക്കുന്നുവെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്
ഉദ്യോഗസ്ഥരുടെ വിശദാംശം

3219 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഐ.എ.എസ്, ഐ.പി.എസ്, ഐ.എഫ്.എസ് ഓഫീസർമാരാണ് നിലവിലുള്ളത്; ഈ വിഭാഗത്തിൽപ്പെട്ട എത്ര പേർ സംസ്ഥാനത്തിന് പുറത്ത് സേവനമനുഷ്ഠിക്കുന്നുണ്ട്;

(ബി) സംസ്ഥാന കേഡറിലുള്ള എത്ര പേർ ഐ.എ.എസ്, ഐ.പി.എസ്, ഐ.എഫ്.എസ് വിഭാഗത്തിൽ സംസ്ഥാനത്തിന് പുറത്ത് ഒരു വർഷത്തിനകം സേവനമനുഷ്ഠിക്കാനായി പോയിട്ടുണ്ട്;

(സി) കേന്ദ്ര സർവ്വീസിലേക്ക് പോയിരുന്ന എത്ര പേർ ഇക്കാലയളവിൽ തിരിച്ചു വന്നു; അവർ ആരെല്ലാം; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് നിന്നും കേന്ദ്രത്തിലേക്ക് പോയ ഈ വിഭാഗം ഉദ്യോഗസ്ഥർ ആരെല്ലാമാണ്?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>നാനോ ടെക്നോളജി വികസനം</u>

T 3220 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാനോ ടെക്നോളജിയുടെ വികസനത്തിനായി ഇതുവരെ എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നൽകിയിട്ടുള്ളത്; എന്തൊക്കെ സംരംഭങ്ങളാണ് ആരംഭിച്ചത്; വിശദമാക്കാമോ;

(ബി) പുതിയ സംരംഭങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

ഗവേഷണ നയം

3221 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക ശാസ്ത്ര, പരിസ്ഥിതി മേഖലകളിൽ ഗവേഷണത്തിനായി സംസ്ഥാനം എന്തെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ശാസ്ത്ര സാങ്കേതിക രംഗത്തെ ആവശ്യങ്ങൾ കണക്കിലെടുത്ത് ഗവേഷണത്തിനായി എത്ര രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ചത്; ഗവേഷണ ഫലങ്ങൾ എന്തെല്ലാമൊക്കെയെന്ന് വെളിപ്പെടുത്താമോ;

(സി) ഗവേഷണത്തിന്റെ ആവശ്യകതക്കനുസരിച്ച് ഈ മേഖലയിൽ സംസ്ഥാനം ആവിഷ്ക്കരിച്ച പോളിസികളിന്മേലുള്ള പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാനുള്ള റിസർച്ച് പോളിസി പ്രഖ്യാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>ചടയമംഗലം നിയോജകമണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കപ്പെട്ട തുക</u>

3222 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസം മുതൽ 2012 മേയ് മാസം വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും എത്ര തുക വിതരണം ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ചടയമംഗലം നിയോജകമണ്ഡലത്തിൽ എന്ത് തുക അനുവദിക്കപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സാമ്പത്തിക സഹായം</u>

3223 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അപകട മരണം സംഭവിച്ച വ്യക്തികളുടെ കുടുംബങ്ങൾക്ക് എല്ലാം നൽകുന്ന ആനുകൂല്യം ഒരേ തുകയാണോ ;

(ബി) അല്ലെങ്കിൽ എല്ലാവർക്കും ഒരേ തുക വീതം നൽകുന്നതിനുള്ള നടപടി ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

'എൻഡോസൾഫാൻ ഇര' എന്ന പദപ്രയോഗം

3224 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'എൻഡോസൾഫാൻ ഇര' എന്ന പദപ്രയോഗം ഇപ്പോൾ സർക്കാർ രേഖകളിലുണ്ടോ;

(ബി) പ്രസ്തുത പദപ്രയോഗം സർക്കാർ രേഖകളിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ടെങ്കിൽ ആയത് എന്നാണെന്നും എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നതും നടപ്പിലാക്കാൻ കഴിയാതെ വന്നതുമായ പദ്ധതികളുടെ വിശദാംശം</u>

3225 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നതിൽ ഇതിനകം നടപ്പിലാക്കാൻ കഴിയാതെ വന്ന പദ്ധതികൾ ഏതൊക്കെയായിരുന്നു എന്ന് വെളിപ്പെടുത്താമോ;

(ബി) മുൻ സർക്കാർ തുടക്കം കുറിച്ചതും ഇപ്പോൾ പൂർത്തിയാക്കിയതുമായ നൂറുദിന പരിപാടിയിലെ ഇനങ്ങൾ ഏതൊക്കെയായിരുന്നു വിശദമാക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ജീവനക്കാരുടെ പെന്‍ഷന്‍ പ്രായം 58 ആക്കി ഉയര്‍ത്താനുള്ള പദ്ധതി</u>

3226 ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ജീവനക്കാരുടെ പെന്‍ഷന്‍ പ്രായം 58 ആക്കി ഉയര്‍ത്താനുള്ള പദ്ധതി നിലവിലുണ്ടോ; എങ്കില്‍ ഈ സര്‍ക്കാരിന്റെ കാലയളവില്‍ ആയത് നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്റ്റാഫ് ഫിക്സേഷന്‍ എന്ന പേരില്‍ തസ്തികകള്‍ വെട്ടിക്കുറക്കാനുള്ള നീക്കങ്ങള്‍ നടക്കുന്നു എന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ജോലി ഭാരമുള്ള വകുപ്പുകളിലേക്ക് മറ്റ് സര്‍ക്കാര്‍ ജീവനക്കാരെ പുനര്‍വിന്യസിക്കാന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കില്‍ എടുത്ത നടപടികള്‍ എന്തൊക്കെയാണ്;

(ഡി) ഏതൊക്കെ വകുപ്പുകളിലാണ് ജോലി ഭാരം കൂടുതലുള്ളതായി സര്‍ക്കാര്‍ വിലയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

3227 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) ആയത് സംബന്ധിച്ച് കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി താങ്കൾക്ക് എന്തെങ്കിലും കത്തോ നിർദ്ദേശമോ നൽകുകയുണ്ടായോ; എങ്കിൽ വിശദാംശം നൽകുമോ ; ആയതിന്റെ പകർപ്പ് നൽകുമോ ;

(സി) ശ്രീ. യോഗേഷ് അഗർവാളുമായി താങ്കൾക്ക് ഇത് സംബന്ധിച്ച് എന്തെങ്കിലും ചർച്ച നടത്തിയോ ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ നടപടി</u>

3228 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ ഏതെങ്കിലും മുൻസർക്കാർ തീരുമാനമെടുത്തിരുന്നുവോ എന്നറിയിക്കാമോ ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>ജനറൽ - തസ്തികമാറ്റം വിഭാഗങ്ങളുടെ</u>
<u>കട്ട് ഓഫ് മാർക്കിന്റെ അപാകത</u>

3229 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയുടെ നിയമനത്തിനായി താഴ്ന്ന ശമ്പളസ്കെയിൽ ഉള്ളവരിൽ നിന്ന് തസ്തികമാറ്റം വഴിയും ജനറൽ വിഭാഗത്തിലും ജില്ലാടിസ്ഥാനത്തിൽ പി.എസ്.സി. അപേക്ഷ ക്ഷണിച്ചതിൻമേലുള്ള ഷോർട്ട്ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ ജനറൽ വിഭാഗത്തെ അപേക്ഷിച്ച് വളരെ ഉയർന്ന കട്ട് ഓഫ് മാർക്ക് തസ്തിക മാറ്റം വഴിയുള്ള അപേക്ഷകർക്ക് നിശ്ചയിച്ചതിലുണ്ടായ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി ഉണ്ടാകുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>സ്പോർട്സ് ക്വാട്ടയിലേക്കുള്ള നിയമനങ്ങൾ</u>

T3230 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന സ്പോർട്സ് ക്വാട്ടയിലേക്കുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സ്പോർട്സ് ക്വാട്ട നിയമനത്തിനായി ഓരോ വർഷവും എത്ര തസ്തികകളാണ് മാറ്റി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഫുട്ബോൾ, വോളിബോൾ, അത്‌ലറ്റിക്സ് എന്നിവയ്ക്ക് എത്ര ശതമാനം സീറ്റുകളാണ് മാറ്റിവച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) കോളേജ്, ഹയർസെക്കന്ററി പ്രവേശനത്തിൽ സ്പോർട്സ് ക്വാട്ടയിലുള്ള അഡ്മിഷന് എന്തെല്ലാം മാനദണ്ഡമാണ് പരിഗണിക്കുന്നതെന്ന് വിശദമാക്കാമോ;

(ഇ) ഈ തെരഞ്ഞെടുപ്പുകൾ പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണ് ക്രമീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>ആശ്രിത നിയമനം സ്പോർട്ട്സ് ക്വാട്ട നിയമനം</u>

3231 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത ആശ്രിത നിയമനം സ്പോർട്ട്സ് ക്വാട്ട നിയമനം എന്നിവയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽ ഇതുവരെയുള്ള കുടിശ്ശിക പൂർണ്ണമായും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>ആശ്രിതനിയമനം ത്വരിതപ്പെടുത്തൽ</u>

3232 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്രിതനിയമനം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; ഏതെല്ലാം വകുപ്പുകളിലാണ് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ആശ്രിതനിയമനം ത്വരിതപ്പെടുത്തുന്നതിനായി എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;വിശദമാക്കുമോ ;

(സി) ആശ്രിത നിയമന വ്യവസ്ഥയിൽ ക്ലറിക്കൽ തസ്തികയ്ക്ക് വേണ്ട യോഗ്യത പ്ലസ് ടു ആയി ഉയർത്തിയിട്ടുണ്ടോ ;

(ഡി) യോഗ്യത പ്ലസ്ടൂ ആയി ഉയർത്തിയിട്ടുണ്ടെങ്കിൽ പത്താം ക്ലാസ് പാസായതും എന്നാൽ വർഷങ്ങളായി നിയമനത്തിനായി കാത്തിരിക്കുന്നവരുമായ അപേക്ഷകരെ ആയതു ബാധിക്കുമോ ; ഉണ്ടെങ്കിൽ ഇവർക്ക് ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>സൂപ്പർന്യൂമററി ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് മേധാവികൾക്കെതിരെ നടപടികൾ</u>

3233

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 മാർച്ച് മാസത്തിൽ വിവിധ വകുപ്പുകളിൽ നിന്നും ജീവനക്കാർ വിരമിച്ചിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്ന മുഴുവൻ ഒഴിവുകളിലേയ്ക്കും സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കാനുള്ള ഉത്തരവ് ഇറക്കിയിട്ടുണ്ടോ എന്നു പറയാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സൂപ്പർന്യൂമററിയായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് മേധാവികൾക്കെതിരെ നടപടികൾ എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

പി. എസ്. സി.യിലെ കോൾ സെന്റർ

3234 ശ്രീ. വി. എസ്. സുനിൽകുമാർ
,, സി. ദിവാകരൻ
,, കെ. അജിത്
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി. എസ്. സി. കോൾ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സെന്ററുകളിലൂടെ ഏതെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് പറയുമോ;

(സി) പ്രസ്തുത കോൾ സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>പി. എസ്. സി. നിയമനം</u>

3235

ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം ഇതുവരെ എത്ര പേര്‍ക്ക് പി. എസ്. സി. വഴി നിയമനം നല്‍കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് അഞ്ചുവര്‍ഷം കൊണ്ട് എത്ര പേര്‍ക്കാണ് പി. എസ്. സി. വഴി നിയമനം നല്‍കിയതെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>പി.എസ്.സി യിലെ ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനത്തിലെ ന്യൂനത</u>

3236

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യിൽ പുതുതായി ആരംഭിച്ച ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതിയുടെ പുരോഗതികൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) അന്യസംസ്ഥാനങ്ങളിലെയും നമ്മുടെ സംസ്ഥാനത്തെയും യൂണിവേഴ്സിറ്റികളിൽ നിന്നും മറ്റുള്ള സ്ഥാപനങ്ങളിൽ നിന്നും നേടുന്ന അംഗീകൃത യോഗ്യതകൾ രേഖപ്പെടുത്താൻ ഓൺലൈനിൽ സംവിധാനമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ഒഴിവുകള്‍ യഥാസമയം പി.എസ്.സി ക്ക് റിപ്പോര്‍ട്ട് ചെയ്യാന്‍ നടപടി</u>

3237 ശ്രീ. സി. പി. മുഹമ്മദ്
,, ഷാഫി പറമ്പില്‍
,, കെ. അച്ചുതന്‍
,, വി. റ്റി. ബല്‍റാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിവിധ വകുപ്പുകളില്‍ ഉണ്ടാകുന്ന ഒഴിവുകള്‍ യഥാസമയം പി.എസ്.സി ക്ക് റിപ്പോര്‍ട്ട് ചെയ്യുവാന്‍ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്;

(ബി) ആയത് സംബന്ധിച്ച് പി. & എ. ആര്‍. ഡി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവുകളിലെ പ്രധാന നിര്‍ദ്ദേശങ്ങള്‍ എന്തെല്ലാമാണ്;

(സി) ആന്റിസിപ്പേറ്റഡ് ഒഴിവുകള്‍ റിപ്പോര്‍ട്ട് ചെയ്യുവാന്‍ എന്തെല്ലാം നിര്‍ദ്ദേശങ്ങളാണ് നല്‍കിയിട്ടുള്ളത്;

(ഡി) റാങ്ക്ലിസ്റ്റ് നിലവിലുള്ള പോസ്റ്റുകളിലേയ്ക്ക് നിയമനം നടത്തുവാന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

50 വയസ്സു കഴിഞ്ഞ ജീവനക്കാർക്ക് പ്രമോഷൻ ലഭിക്കുന്നതിന് പാലിക്കേണ്ട മാനദണ്ഡങ്ങൾ

3238 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലുള്ള 50 വയസ്സുകഴിഞ്ഞ ജീവനക്കാർക്ക് പ്രമോഷൻ ലഭിക്കുന്നതിനായി ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾ പാസ്സാകണമെന്ന നിബന്ധന നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(സി) തസ്തിക മാറ്റം വഴി ഉയർന്ന തസ്തികയിൽ നിയമനം ലഭിക്കുന്ന അമ്പതു വയസ്സു കഴിഞ്ഞ ജീവനക്കാർക്ക് പ്രസ്തുത തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ഏതെങ്കിലും ടെസ്റ്റ് പാസ്സാകേണ്ടതുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലാ പി.എസ്.സി. മുഖേന ലാസ്റ്റ്ഗ്രേഡായി നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് വെരിഫിക്കേഷൻ</u>

3239 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മുഖേന നിയമനം ലഭിച്ചവരെ റഗുലറൈസ് ചെയ്യുന്നതിനുമുമ്പായി വെരിഫിക്കേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വെരിഫിക്കേഷന് ശേഷമുള്ള റഗുലറൈസേഷൻ കഴിഞ്ഞാൽ മാത്രമേ ജീവനക്കാരന് സർവ്വീസ് സംബന്ധമായ ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളൂ എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആലപ്പുഴ ജില്ലാ പി.എസ്.സി. മുഖേന ലാസ്റ്റ് ഗ്രേഡായി നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് ഒരു വർഷം കഴിഞ്ഞിട്ടും വെരിഫിക്കേഷൻ നടത്താത്ത വിവരം അറിയാമോ;

(ഡി) എങ്കിൽ കാലതാമസം കൂടാതെ വെരിഫിക്കേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്മാർക്ക് ട്രെയിനിംഗ്</u>

3240 ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ പുതിയതായി നിയമിക്കപ്പെടുന്ന അസിസ്റ്റന്റ് മാർക്ക് നിർബന്ധിത ട്രെയിനിംഗ് നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) സെക്രട്ടേറിയറ്റിൽ ഫയൽ പരിശോധനയും നോട്ട് തയ്യാറാക്കലും കൂടുതൽ കാര്യക്ഷമതയോടും, ഗൗരവത്തോടെയും ചെയ്യേണ്ടതാണെന്നും, തീർപ്പ് ഫയലുകൾ നഷ്ടപ്പെടാത്തവിധത്തിൽ അതാതു സമയം റെക്കോഡ്സിൽ അയച്ച് സൂക്ഷിക്കേണ്ടതാണെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിക്കുമെന്ന് പറയാമോ;

(സി) ഫയലുകളിൽ തീരുമാനം കൈക്കൊള്ളുന്നതിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

## കേള്‍വിക്കുറവുള്ള ഉദ്യോഗാര്‍ത്ഥികള്‍ക്ക് അവസരം

3241 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 30.04.2012-ലെ പി.എസ്.സി.യുടെ അസാധാരണ ഗസറ്റ് നോട്ടിഫിക്കേഷന്‍ വഴി പി.ഡബ്ലിയൂ.ഡി.യിലെ അസി. എഞ്ചിനീയര്‍ (സിവില്‍) തസ്തികയിലേക്കുള്ള വിജ്ഞാപനത്തില്‍ വികലാംഗര്‍ക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികയില്‍ കേള്‍വിക്കുറവുള്ളവര്‍ക്ക് അവസരം നിഷേധിച്ചിരിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ സര്‍ക്കാര്‍ ഉദ്യോഗത്തിനും വികലാംഗര്‍ക്ക് 3% സംവരണം ഏര്‍പ്പെടുത്തിയിട്ടുള്ളതായും അതില്‍ 1% കേള്‍വിക്കുറവുള്ളവര്‍ക്കായി മാറ്റിവച്ചിട്ടുള്ളതായും അറിയാമോ;

(സി) എങ്കില്‍ ഇതര വകുപ്പുകളിലെ അസി. എഞ്ചിനീയര്‍ (സിവില്‍) തസ്തികകളില്‍ കേള്‍വിക്കുറവുള്ളവര്‍ അപേക്ഷിക്കുവാന്‍ യോഗ്യരായിരിക്കെ ഇത്തരം വിവേചനാപരമായ നടപടി പുന:പരിശോധിക്കുന്നതിന് തയ്യാറാകുമോ;

(ഡി) കേന്ദ്രഗവണ്‍മെന്റ് എഞ്ചിനീയറിംഗ് വകുപ്പുകളില്‍ പ്രസ്തുത തസ്തികയിലേക്ക് കേള്‍വിക്കുറവുള്ളവര്‍ക്ക് സ്പെഷ്യല്‍ റിക്രൂട്ട്മെന്റ് നടത്തുന്നതുപോലെ കെ.പി.എസ്.സി. മുഖേന പ്രസ്തുത വിഭാഗക്കാര്‍ക്കായി സ്പെഷ്യല്‍ റിക്രൂട്ട്മെന്റ് നടത്തുവാന്‍ വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**വകുപ്പുകളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും അധിക തസ്തികകള്‍**

3242 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍ക്കാര്‍ വകുപ്പുകളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും അധിക തസ്തികകള്‍ കണ്ടെത്തുന്നതിന് ഉന്നതാധികാര സമിതിയെ നിയോഗിച്ചുവെന്ന വാര്‍ത്ത ശരിയാണോ ;

(ബി) ഇങ്ങനെ കണ്ടെത്തുന്ന അധിക തസ്തികകള്‍ വെട്ടിക്കുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) പ്രസ്തുത തസ്തികകള്‍ വെട്ടിക്കുറയ്ക്കുന്നത് യുവജനങ്ങളുടെ തൊഴില്‍ സാധ്യതയെ ദോഷകരമായി ബാധിക്കുമെന്ന് അഭിപ്രായമുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

2011-12-ൽ സർക്കാർ സർവ്വീസിൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം

3243 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

2011-12 സാമ്പത്തിക വർഷത്തിൽ സർക്കാർ സർവ്വീസിൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയതു മൂലം 2012-13 സാമ്പത്തിക വർഷത്തിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് ലിസ്റ്റുകൾക്ക് ഒഴിവുകൾ ലഭിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികൾ ആണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>സർക്കാർ സർവ്വീസിൽ ഓരോ ജില്ലകളിലുമായി സൃഷ്ടിച്ച സൂപ്പർ ന്യൂമററി തസ്തികകൾ</u>

3244 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ ഓരോ ജില്ലകളിലുമായി എത്ര സൂപ്പർ ന്യൂമററി തസ്തികകൾ ഇതുവരെ സൃഷ്ടിച്ചിട്ടുണ്ടെന്ന് പറയാമോ ;

(ബി) അവയിൽ ഓരോ ജില്ലകളിലുമായി എൽ.ഡി. ക്ലാർക്കുമാരുടെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് ;

(സി) ഇത്തരത്തിൽ സൂപ്പർ ന്യമററി തസ്തികകൾ സൃഷ്ടിക്കുവാനുളള ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്; ഉത്തരവ് നമ്പർ ഏത് ; വിശദമാക്കുമോ;

(ഡി) ഓരോ ജില്ലയിലുമായി എത്ര എൽ. ഡി. ക്ലാർക്ക് ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

പി. എസ്. സി.യുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി

3245 ശ്രീ. കെ. മുരളീധരൻ
,,വർക്കല കഹാർ
,, ഹൈബി ഈഡൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി.യുടെ ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പി. എസ്. സി.യുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി സംബന്ധിച്ച് ഉദ്യോഗാർത്ഥികളുടെ പ്രതികരണം എന്താണെന്ന് വിശദമാക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക പ്രദേശങ്ങളിൽ പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് പ്രചരണം നടത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

പി.എസ്.സി. പരീക്ഷ എഴുതുന്നതിനുള്ള മാനദണ്ഡം സംബന്ധിച്ച വിശദാംശം

3246 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നടന്ന പി.എസ്.സി യോഗ്യതാ പരിഷ്ക്കരണത്തിലൂടെ എസ്.എസ്.എൽ.സി മാത്രം പാസ്സായ ഉദ്യോഗാർത്ഥിയേക്കാൾ കൂടുതൽ അവസരം എസ്.എസ്.എൽ.സി പാസ്സാകാത്തവർക്കുണ്ട് എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, എസ്.എസ്.എൽ.സി പാസ്സാകാത്തവർക്കും, എസ്.എസ്.എൽ.സി മാത്രം പാസ്സായവർക്കും ഏതെല്ലാം പരീക്ഷകൾക്ക് അപേക്ഷിക്കാം എന്ന് വ്യക്തമാക്കുമോ;

(സി) പ്രീഡിഗ്രി നിലവിലുള്ള കാലത്ത് പ്ലസ് ടു സ്കൂളിലെ പോലെ എല്ലാ വിദ്യാർത്ഥികൾക്കും പഠിക്കുവാനുള്ള സർക്കാർ സീറ്റ് ഇല്ലായിരുന്നു എന്ന കാര്യം അറിയാമോ;

(ഡി) ഇത്മൂലം പിന്നോക്ക ജില്ലാക്കാർക്കും, തീരദേശ മേഖലയിലേയും, പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളും, എസ്.എസ്.എൽ.സി പാസ്സായി പഠനം നിർത്തുകയോ, പ്രീഡിഗ്രി പാസ്സാകാത്തവരോ, കെ.ജി.റ്റി.ഇ, എൽ.ബി.എസ് പോലുള്ള ടെക്നിക്കൽ പഠനം പൂർത്തിയാക്കിയവരോ ആണെന്ന കാര്യം അറിയാമോ;

(ഇ) പ്രസ്തുത വിഭാഗത്തിൽപ്പെട്ട 30 വയസ്സും അതിന് മുകളിലും പ്രായമായവർക്ക് എൽ.ഡി.സി, എൽ.ഡി ടൈപ്പിസ്റ്റ്, സെക്രട്ടേറിയറ്റ് ടൈപ്പിസ്റ്റ് തുടങ്ങിയ തസ്തികകളിൽ അപേക്ഷിക്കാൻ യോഗ്യത പരിഷ്കരിച്ചത് പ്ലസ് ടു ആയതിനാൽ 1.1.1983 ന് മുമ്പ് ജനിച്ചവർക്ക് യോഗ്യതയിൽ ഇളവ് വരുത്തി സർക്കാർ ജോലി ലഭിക്കാനുള്ള അവസരം നൽകുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>എൽ. ഡി. സി. തസ്തികയിലേക്കുള്ള യോഗ്യത</u>

3247

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ എൽ. ഡി. സി. തുടങ്ങിയ തസ്തികകളിലേക്കുള്ള പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത എസ്. എസ്. എൽ. സി. യിൽ നിന്നും പ്ലസ്ടു ആയി ഉയർത്തിയിട്ടുണ്ടോ;

(ബി) പിന്നോക്ക ജില്ലകളിലെയും മലയോര - കടലോര വാസികളെയും ഇത് ദോഷകരമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പിന്നോക്ക പ്രദേശങ്ങളിലുള്ളവർക്ക് പ്ലസ്ടു യോഗ്യത നേടുന്നതിന് 5 വർഷക്കാലത്തേക്കെങ്കിലും സമയം അനുവദിക്കുന്നതിനും ആയതുവരെ പി. എസ്. സി. പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത എസ്. എസ്. എൽ. സി. ആയി നിലനിർത്തുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>ഡിഗ്രി മിനിമം വിദ്യാഭ്യാസ യോഗ്യതയ്ക്കുള്ള തസ്തികകൾ</u>

3248 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡിഗ്രി മിനിമം വിദ്യാഭ്യാസ യോഗ്യതയുള്ള ഏതൊക്കെ തസ്തികകളിലേക്കാണ് നിയമനം നടത്തുന്നതെന്ന് പറയുമോ;

(ബി) പ്രസ്തുത തസ്തികകളുടെ ശമ്പളസ്കെയിൽ ഏതൊക്കെയാണ്;

(സി) സെക്രട്ടേറിയറ്റ്, പോലീസ് വകുപ്പ് എന്നിവിടങ്ങളിലെ ശമ്പള സ്കെയിൽ എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**പട്ടികവർഗ്ഗക്കാർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരമുള്ള നിയമനങ്ങൾ**

3249 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്തിട്ടുള്ള എത്ര തസ്തികകളിൽ ഇനിയും സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം നിയമനം നടത്താനുണ്ട്; വകുപ്പുതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) എന്ന് മുതൽ സംവരണം ചെയ്ത ഒഴിവുകളാണ് ഇനിയും നികത്താനുള്ളത് ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരമുള്ള എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>സ്വകാര്യ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം</u>

3250 ശ്രീ. ബി. ഡി. ദേവസ്സി
,, കെ. വി. വിജയദാസ്
,, എസ്. രാജേന്ദ്രൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സർക്കാർ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന സ്വാകര്യ വ്യവസായ സംരംഭങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംവരണം നടപ്പായിട്ടുണ്ടോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>സർക്കാർ വകുപ്പുകളിലെ ജീവനക്കാർക്ക് വി. ആർ. എസ്. അനുവദിക്കുന്നതിനുള്ള മാനദണ്ഡം</u>

3251 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെ ജീവനക്കാർക്ക് വി. ആർ. എസ്. അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് പറയാമോ ;

(ബി) വി. ആർ. എസ്. എടുക്കുന്ന ജീവനക്കാരന് ലഭ്യമാക്കുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് വി. ആർ. എസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ ;

(ഡി) വി. ആർ. എസ്. നൽകുന്ന തസ്തികയിലേക്ക് അടിയന്തിരമായി പ്രമോഷനും നിയമനവും നൽകാറുണ്ടോ ; എങ്കിൽ ഇവ കാലതാമസം കൂടാതെ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>സംസ്ഥാന സർക്കാർ ജീവനക്കാരുടെ</u>
<u>അന്തർ ജില്ലാ സ്ഥലം മാറ്റം</u>

3252 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ അന്തർവകുപ്പ്, അന്തർ ജില്ലാ സ്ഥലം മാറ്റങ്ങൾക്കുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കുമോ;

(ബി) ഇത്തരം മാനദണ്ഡങ്ങൾക്കും നടപടിക്രമങ്ങൾക്കും വിരുദ്ധമായി ഏതെങ്കിലും വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

സംസ്ഥാനത്ത് വികലാംഗർക്ക് സംവരണം ഏർപ്പെടുത്തിയതു സംബന്ധിച്ച വിശദാംശം

3253 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് വികലാംഗർക്ക് എത്ര ശതമാനം സംവരണമാണ് ഏർപ്പെടുത്തിയിരുന്നതെന്ന് പറയാമോ;

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ പ്രായപരിധി കഴിഞ്ഞ ഒട്ടേറെ വികലാംഗർ ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വികലാംഗർക്കായുള്ള സംവരണതത്വം പാലിച്ച് പ്രസ്തുത റാങ്ക്ലിസ്റ്റുകളിൽ നിന്നും വികലാംഗരെ നിയമിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

വിവിധ തസ്തികകളിലേയ്ക്ക് അപേക്ഷിച്ച വികലാംഗർ

3254 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എം. പി. വിൻസെന്റ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ തസ്തികകളിലേയ്ക്ക് അപേക്ഷിച്ച വികലാംഗരെ പി.എസ്.സി. അംഗങ്ങൾ നേരിട്ട് പരിശോധിച്ച് അയോഗ്യരാക്കുന്നതായിട്ടുള്ള പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(സി) ഇത് പരിഹരിക്കുന്നതിന് പി.എസ്.സി. യോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) വികലാംഗരുടെ അയോഗ്യത കണ്ടെത്തുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനമാണുള്ളതെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>റാങ്ക് ലിസ്റ്റുകൾ ദീർഘിപ്പിക്കുന്നതിനുള്ള നടപടി</u>

3255 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

2012 ജൂലൈ 1 മുതൽ 2013 മാർച്ച് 31 നകം കാലാവധി അവസാനിക്കുന്ന എല്ലാ പി.എസ്.സി റാങ്ക് ലിസ്റ്റുകളും ഒഴിവുകൾ ലഭിക്കാതെ വരുന്ന അവസരത്തിൽ പരമാവധി നാലരവർഷത്തേക്ക് ദീർഘിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ; ഇതേക്കുറിച്ച് ഉള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി</u>

3256 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷത്തിൽ സർക്കാർ സർവ്വീസിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയതിനാൽ 2012-13 സാമ്പത്തിക വർഷത്തിൽ പി.എസ്.സി റാങ്ക് ലിസ്റ്റുകളിൽ നിയമനം നടക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.എസ്.സി റാങ്ക് ലിസ്റ്റുകൾക്ക് അവസരനഷ്ടം ഒഴിവാക്കാനായി കാലാവധി അവസാനിക്കുന്ന എല്ലാ റാങ്ക് ലിസ്റ്റുകളും ഒരു വർഷത്തേക്ക് കാലാവധി ദീർഘിപ്പിക്കുന്നതിനായി പി.എസ്.സി യോട് ശുപാർശ ചെയ്യുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

പി. എസ്. സി. യുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികള്‍

3257 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പി.എസ്. സി. യുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിനും റാങ്ക് ലിസ്റ്റുകള്‍ താമസം കൂടാതെ പ്രസിദ്ധീകരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പി. എസ്. സി. യുടെ പ്രവര്‍ത്തനം മെച്ചപ്പെടുത്തുന്നതിനായി പി. എസ്. സി. യില്‍ പുതുതായി അസിസ്റ്റന്റ് തസ്തികകള്‍ സൃഷ്ടിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കില്‍ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നല്‍കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>ഒഴിവുകൾ റിപ്പോർട്ടു ചെയ്യാൻ ഓൺലൈൻ സംവിധാനം</u>

3258 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും പി.എസ്.സി ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന രീതി വിശദമാക്കാമോ;

(ബി) നിലവിൽ പിന്തുടരുന്ന രീതി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇ-ഗവേണൻസിന്റെ ഭാഗമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

യോഗ്യതാ സര്‍ട്ടിഫിക്കറ്റ് പരിശോധന

3259 ശ്രീ. എം.പി. വിന്‍സന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പി.എസ്.സി നിയമനം ലഭിക്കുന്ന ഉദ്യോഗാര്‍ത്ഥികളുടെ യോഗ്യത സര്‍ട്ടിഫിക്കറ്റുകളുടെ പകര്‍പ്പുകള്‍ അതാത് ബോര്‍ഡ്/യൂണിവേഴ്സിറ്റി ഇവയ്ക്ക് അയച്ച് വെരിഫൈ ചെയ്യുന്നതിന് സംവിധാനം ഉണ്ടാക്കുന്നത് പരിഗണിക്കുമോ;

(ബി) എങ്കില്‍ എല്ലാ വകുപ്പുകളുടെയും ചുമതലയുള്ള പൊതുഭരണ വകുപ്പിനു കീഴില്‍ സ്ഥിരം സംവിധാനമായി ഇത് നിലനിര്‍ത്തുമോയെന്ന് വ്യക്ത മാക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

പി. എസ്. സി. മുഖേന നടത്തിയ നിയമനങ്ങൾ

3260 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം പി. എസ്. സി. മുഖേന നടത്തിയ നിയമനങ്ങൾ സംബന്ധിച്ച് വകുപ്പ് പ്രകാരമുളള കണക്ക് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>സെക്രട്ടറിയേറ്റിൽ പ്യൂൺ തസ്തകയിലെ നിയമനം സംബന്ധിച്ച്</u>

3261 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയേറ്റിൽ പ്യൂൺ തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിന് നിലവിലെ വ്യവസ്ഥയെന്താണ് എന്ന് പറയാമോ ; ഇത്തരത്തിൽ നിയമനം ലഭിക്കുന്നവർക്ക് നിലവിലുള്ള പ്രൊമോഷൻ സംവിധാനങ്ങൾ എന്തെല്ലാമാണ്;

(ബി) ഇവരുടെ പ്രൊമോഷൻ സാധ്യത വർദ്ധിപ്പിക്കാനും, ശമ്പളം പരിഷ്കരിക്കാനും തീരുമാനിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഫയലുകളുടെ നമ്പർ വെളിപ്പെടുത്തുമോ ;

(സി) സെക്രട്ടറിയേറ്റിൽ പ്യൂൺ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള പി. എസ്. സി. ലിസ്റ്റിൽ നിന്നും മറ്റിതര വകുപ്പുകളിൽ പ്യൂണായി നിയമനം ലഭിക്കുന്നവർക്ക് പ്രൊമോഷൻ ലഭിക്കുന്നതിനുള്ള നിലവിലെ സംവിധാനങ്ങളും നടപടികളും അറിയിക്കാമോ ; ഇവരുടെ പ്രൊമോഷൻ വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വിശദീകരിക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ നിയമനം</u>

3262 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന രൂപീകരണം മുതൽ നാളിതുവരെയുള്ള എ. പി. പിമാരുടെ നിയമനം എന്തെല്ലാം നടപടിക്രമങ്ങളുടെയും, മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലായിരുന്നെന്ന് വിശദമാക്കാമോ:

(ബി) സംസ്ഥാനത്ത് എ.പി.പി. മാരുടെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടതു എന്നുമുതലായിരുന്നു;

(സി) സംസ്ഥാന രൂപീകരണം മുതൽ നാളിതുവരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എപ്പോഴെല്ലാം താല്ക്കാലികമായി ജോലി ചെയ്തിരുന്ന എ.പി.പി മാർക്ക് സ്ഥിര നിയമനം നൽകിയിട്ടുണ്ടെന്നും അവരുടെ വിശദാംശങ്ങളും വെളിപ്പെടുത്താമോ;

(ഡി) നിലവിൽ സംസ്ഥാനത്തെ കോടതികളിൽ എ. പി. പി. മാരുടെ ഒഴിവുകൾ നിലനിർത്തരുതെന്ന് ഹൈക്കോടതി വിധി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

ലോവർ ഡിവിഷൻ ക്ലാർക്ക് റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം ത്വരിതപ്പെടുത്താൻ സ്വീകരിച്ച നടപടികൾ

3263 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും ഇപ്പോൾ ലോവർ ഡിവിഷൻ ക്ലാർക്ക് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ഇതിൽ ഓരോ ജില്ലയിൽ നിന്നും എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പറയാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഓരോ ജില്ലയിലും എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട്;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം ത്വരിതപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ</u>

3264

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷത്തെ എല്ലാ പ്രതീക്ഷിത ഒഴിവുകളും അതിന്മേൽ സൃഷ്ടിച്ച സൂപ്പർന്യൂമററി തസ്തികകളും, പി.എസ്.സി.യെ അറിയിക്കുവാൻ വകുപ്പ് മേധാവികൾക്ക് എന്നാണ് നിർദ്ദേശം നൽകിയത്; വ്യക്തമാക്കുമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇതുപ്രകാരം വയനാട് ജില്ലയിൽ എത്ര തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തുവെന്നും ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ വീതം റിപ്പോർട്ട് ചെയ്തുവെന്നും വകുപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി</u>

3265

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

വിവിധ വകുപ്പുകളിലായി കാസർഗോഡ് ജില്ലയിലെ ഒഴിവുകൾ നികത്തുന്നതിനായി തയ്യാറാക്കിയ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം ത്വരിതപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>ഡൽഹി കേരള ഹൗസ് ഹാൾ അനുവദിക്കുന്നത് സംബന്ധിച്ച്</u>

3266 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംഘടനകളുടെ പരിപാടികൾക്കായി ഡൽഹി കേരള ഹൗസിൽ ഹാൾ അനുവദിക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) റ്റി. പി. ചന്ദ്രശേഖരൻ വധക്കേസിൽ പ്രതിഷേധിക്കാനെന്ന പേരിൽ ജൂൺ 9 ന് ഡൽഹി കേരള ഹൗസ് ഹാൾ അനുവദിച്ച് നൽകിയത് ഏതൊക്കെ സംഘടനകൾക്കായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രതിഷേധ യോഗങ്ങൾക്ക് കേരളാ ഹൗസ് ഹാളുകൾ ഇതിനു മുമ്പ് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്ക്; വിശദമാക്കുമോ;

(ഡി) ഇപ്പോൾ പ്രസ്തുത ഹാൾ അനുവദിച്ചു നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ; ആയത് ആരുടെ നിർദ്ദേശപ്രകാരമാണ്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>കേരള ഹൗസ് ജീവനക്കാരുടെ നിയമനം</u>

3267 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിലെ കേരളഹൗസ് ജീവനക്കാരുടെ നിയമനം പി.എസ്.സിയ്ക്ക് വിടാത്തത് എന്ത് കൊണ്ടാണ്; വ്യക്തമാക്കാമോ;

(ബി) കേരള ഹൗസ് ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്പെഷ്യൽറൂൾ നടപ്പാക്കത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് എക്സിക്യൂട്ടീവ് ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ; ആയത് നിലവിലുള്ള ജീവനക്കാരുടെ പ്രമോഷനെ ബാധിക്കും എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>സോമാലിയൻ കടൽ കൊള്ളക്കാർ തട്ടിക്കൊണ്ടുപോയ മലയാളികളുടെ മോചനം</u>

3268 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 12.03.2012-ൽ 'റോയൽ ഗ്രേഡ്' എന്ന കപ്പൽ സൊമാലിയൻ കടൽ കൊള്ളക്കാർ തട്ടിക്കൊണ്ടുപോയതിലുള്ള ഏഴ് മലയാളികളെ ഇതുവരെ മോചിപ്പിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ ചടയമംഗലം വെള്ളൂപ്പാറ മഹേഷ് മോഹനന്റെ ആശ്രിതർ നൽകിയ നിവേദനത്തിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>കമ്മിറ്റികളുടെയും കമ്മീഷനുകളുടെയും രൂപീകരണം</u>

3269 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ വിഷയങ്ങൾ പഠിക്കുന്നതിലേക്കും അന്വേഷണങ്ങൾ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കും എത്ര കമ്മിറ്റികളെ/കമ്മീഷനുകളെ നിയോഗിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കമ്മിറ്റി/കമ്മീഷനുകൾക്ക് റിപ്പോർട്ട് സമർപ്പിക്കുവാൻ നൽകിയ കാലാവധി എത്രയാണെന്ന് വെളിവാക്കുമോ;

(സി) പ്രസ്തുത കമ്മിറ്റി/കമ്മീഷനുകൾ ഏതെങ്കിലും റിപ്പോർട്ടുകൾ നാളിതുവരെ നൽകിയിട്ടുണ്ടോ; ഇതിൻമേൽ എന്തുനടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ഡി) നാളിതുവരെ രൂപീകരിക്കപ്പെട്ട കമ്മിറ്റി/കമ്മീഷനുകൾക്ക് വേണ്ടി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് പ്രത്യേകമായി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>മാവൂരിൽ ഗ്വാളിയോർ റയൺസ് സ്ഥലത്ത് വ്യവസായ സംരംഭം</u>

3270 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവൂരിൽ ഗ്വാളിയോർ റയൺസ് കൈവശത്തിലുള്ള സ്ഥലത്ത് വ്യവസായ സംരംഭം ആരംഭിക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ പതിമൂന്ന് എം.എൽ.എ മാർ ഒപ്പിട്ട നിവേദനം മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ഇതു സംബന്ധിച്ച് എന്ത് തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലെ കേസ് വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

## കാസർഗോഡ് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്

3271

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഭാഷാ ന്യൂനപക്ഷങ്ങൾ ഉൾപ്പെടെ, സപ്തഭാഷാ സംഗമ ഭൂമിയായ കാസർഗോഡ് കേന്ദ്രീകരിച്ച് ഒരു സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>സ്വാതന്ത്ര്യ സമരസേനാനികളുടെ വിധവകൾക്കും ആശ്രിതർക്കും പെൻഷൻ നൽകാൻ നടപടി</u>

3272 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ സമരസേനാനികളുടെ വിധവകൾക്കും ആശ്രിതർക്കും പ്രതിമാസം ആയിരം രൂപയിൽ കൂടുതൽ വരുമാനമുണ്ടെങ്കിൽ പെൻഷൻ അർഹത ഇല്ലെന്ന ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് പിൻവലിക്കുമോ;

(ബി) G.O.(P) No.355/7810/GAD dt. 08.11.2010 നമ്പർ ഉത്തരവിലെ വിശദാംശം വ്യക്തമാക്കുമോ;

(സി) സ്വാതന്ത്ര്യ സമര സേനാനികളുടെ വിധവകളും ആശ്രിതരും ചെയ്ത ത്യാഗം പരിഗണിച്ച് അവർക്ക് വരുമാനം നോക്കാതെ പെൻഷൻ നൽകാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

ശ്രുതിതരംഗം പദ്ധതിയുടെ വിശദാംശങ്ങള്‍

3273 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ശ്രുതിതരംഗം പദ്ധതിയുടെ ഭാഗമായി ചെവിയുടെ എന്തെല്ലാം തരത്തിലുള്ള പോരായ്മകള്‍ ചികിത്സിക്കുന്നതിനാണ് സാമ്പത്തിക സഹായം അനുവദിക്കുന്നത് എന്ന് പറയാമോ;

(ബി) കോക്ലിയര്‍ ഇംപ്ലാന്റ് നടത്തുന്നതിന് സര്‍ക്കാര്‍ സാമ്പത്തിക സഹായം എത്ര വയസ്സുവരെയുള്ള കുട്ടികള്‍ക്കാണ് നല്‍കുന്നതെന്ന് അറിയിക്കാമോ; എത്ര കുട്ടികള്‍ക്ക് പ്രസ്തുത പദ്ധതി വഴി സഹായം നല്‍കിയെന്നും എത്ര രൂപ ഇതിനോടകം ചെലവഴിച്ചു എന്നും വെളിപ്പെടുത്തുമോ;

(സി) സര്‍ക്കാര്‍ ജീവനക്കാരുടെ മക്കള്‍ക്ക് ശ്രുതിതരംഗം പദ്ധതിയിലൂടെ കോക്ലിയ മാറ്റിവയ്ക്കല്‍ ശസ്ത്രക്രിയയ്ക്ക് സാമ്പത്തിക സഹായം നല്‍കുന്നുണ്ടോ; എത്ര വയസ്സുവരെയുള്ള കുട്ടികള്‍ക്കാണ് സഹായം നല്‍കുന്നത്; എത്ര രൂപ വരെയുള്ള സഹായമാണ് നല്‍കുന്നതെന്ന് വിശദമാക്കാമോ; ഇതു സംബന്ധിച്ച വിശദമായ വിവരം നല്‍കുന്ന ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>ക്യാൻസർ രോഗികൾക്ക് പെൻഷൻ അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ</u>

3274 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്യാൻസർ രോഗികൾക്ക് നിലവിൽ പെൻഷൻ അനുവദിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പെൻഷനുള്ള വരുമാനപരിധി നിശ്ചയിച്ചിട്ടുള്ളത് എത്രയെന്ന് പറയാമോ;

(സി) പ്രസ്തുത വരുമാന പരിധി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) മറ്റ് എല്ലാ ക്ഷേമ പെൻഷനുകളും വർദ്ധിപ്പിച്ച സാഹചര്യത്തിൽ ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ ഉയർത്താൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

കുന്നംകുളം നിയോജകമണ്ഡലത്തിൽ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിൽസാ ധനസഹായം ലഭിച്ചവരുടെ വിശദാംശം

3275

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിൽസ ധനസഹായം ലഭിക്കുന്നതിനായി കുന്നംകുളം നിയോജകമണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചു;

(ബി) ആയതിൽ എത്ര അപേക്ഷകൾക്ക് തീർപ്പു കല്പിച്ചു;

(സി) ക്യാൻസർ, വൃക്കരോഗം തുടങ്ങിയ മാരകരോഗങ്ങൾ ബാധിച്ച രോഗികളുടെ ചികിൽസയ്ക്ക് അനുവദിച്ച തുക ലഭിയ്ക്കുന്നതിന് ആറുമാസംവരെ കാലതാമസം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത തുക വേഗത്തിൽ നല്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

ശ്രീ. ഹംനാസിന്റെ ചികിത്സാ സഹായത്തിനായുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ

3276 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കാക്കൂർ പഞ്ചായത്തിൽ ഈന്താട്, മുണ്ടുംപുറത്ത്മ്മേൽ (ഹൗസ്) ശ്രീ. ഹംനാസിന്റെ ചികിത്സാ സഹായത്തിനായുള്ള അപേക്ഷയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ചികിത്സാസഹായം അടിയന്തിരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>പുതിയ പരിസ്ഥിതി നയം</u>

3277 ശ്രീ. ബെന്നി ബെഹനാൻ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പരിസ്ഥിതി നയം രൂപവൽക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) കാലാവസ്ഥ വ്യതിയാനത്തിന്റേയും ആഗോളതാപനത്തിന്റേയും പശ്ചാത്തലത്തിൽ എന്തെല്ലാം വിഷയങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് പറയാമോ;

(സി) ഏതെല്ലാം വകുപ്പുകളെയും ഏജൻസികളെയുമാണ് നയരൂപീകരണത്തിൽ പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>സിറ്റി ബയോഡൈവേഴ്സിറ്റി ഇൻഡക്സ്</u>

3278 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ ജൈവ വൈവിദ്ധ്യം സംബന്ധിച്ച് കണക്കെടുപ്പ് നടത്തി സിറ്റി ബയോഡൈവേഴ്സിറ്റി ഇൻഡെക്സ് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നഗരങ്ങളിലെ ജൈവ സമ്പത്ത് സംരക്ഷിക്കുന്നതിനുള്ള സർവ്വേയിൽ എന്തെല്ലാം വിവരങ്ങളാണ് ഉൾക്കൊള്ളിക്കുന്നത്: വിശദമാക്കുമോ;

(സി) ജൈവ സമ്പത്ത് നശിപ്പിക്കുന്നവർക്കെതിരെ നിയമ നടപടികൾ കൈക്കൊള്ളുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി</u>

3279 ശ്രീ. റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അതോറിറ്റിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ, ഘടന എന്നിവ വിശദമാക്കുമോ;

(സി) പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നിലവിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് സുസജ്ജമായ പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ പ്രവർത്തനം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

''ഭരണഭാഷ മലയാളം'' നടപ്പിലാക്കുന്നത് സംബന്ധിച്ച്

3280 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മലയാളമാക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്യോഗസ്ഥതലത്തിലെ മേൽനോട്ടം ഭാഷാ വിദഗ്ദ്ധന്റെ ചുമതലയിലാണോ;

(സി) ഭാഷാ വിദഗ്ദ്ധന്റെ മറ്റു ചുമതലകൾ എന്തെല്ലാം;

(ഡി) സംസ്ഥാനത്ത് ഭാഷാ വിദഗ്ദ്ധന്റെ എത്ര തസ്തികകളാണ് ഉള്ളത്; എത്ര ഒഴിവുകൾ ഇപ്പോൾ നിലനിൽക്കുന്നു; വ്യക്തമാക്കുമോ;

(ഇ) ഇപ്പോൾ ജോലി നോക്കുന്ന ഭാഷാ വിദഗ്ദ്ധരുടെ പേരുവിവരം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>കോടതി ഭാഷ മാതൃഭാഷയാക്കുന്നതിനുള്ള നടപടി</u>

3281 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോടതിഭാഷ മാതൃഭാഷയാക്കുന്നതിനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) കോടതിഭാഷ മാതൃഭാഷയിലാക്കുന്നതു സംബന്ധിച്ച തീരുമാനം നടപ്പിലാക്കാത്ത സംസ്ഥാനങ്ങളുടെ കേന്ദ്രം പുറപ്പെടുവിച്ച പട്ടിക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ അദ്ധ്യക്ഷനായിട്ടുള്ള കമ്മറ്റി റിപ്പോർട്ട് എന്നാണ് ലഭിച്ചത് ; റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ ;

(ഡി) എത്ര കാലത്തിനുള്ളിൽ കോടതിഭാഷ മാതൃഭാഷയിലേയ്ക്ക് എത്തണമെന്നായിരുന്നു എന്നാണ് നരേന്ദ്രൻ കമ്മീഷൻ നിഷ്ക്കർഷിച്ചിട്ടുള്ളത് ;

(ഇ) കോടതി ഭാഷ മലയാളമാക്കണമെന്ന് 1978 ജൂലൈ മാസം 4-ാം തീയതിയിലെ സർക്കാർ ഉത്തരവിൻപ്രകാരം ഹൈക്കോടതിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായുകയുണ്ടായോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>കൊണ്ടോട്ടിയിൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതി</u>

3282 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേസ്സുകൾ കെട്ടിക്കിടക്കുന്നതിനാൽ നീതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പ് കൽപ്പിക്കുന്നതിനായി പുതുതായി ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കൊണ്ടോട്ടി കേന്ദ്രമായി ഒരു ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കണം എന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?